19

# “ഒന്നു ഞാൻ അറിയുന്നു”

## (9:6- 41)

ചിലപ്പോൾ “പ്രാർത്ഥനക്കുത്തരം” ലഭിക്കുമ്പോൾ ജീവിതം സങ്കീർണ്ണമാക്കും. നാം നന്നാകുവാൻ ആഗ്രഹിച്ച് അപേക്ഷിക്കുന്നതു കൂടുതൽ വിഷമകരമാവും. ഉദാഹരണമായി, ലോട്ടറി കിട്ടുന്ന ആളുകളെ, എടുക്കുക. കുറച്ചു വർഷങ്ങൾക്കു മുൻപു, ദ *ന്യൂയോർക്ക് ടൈംസ് സണ്ടേ മാഗസീൻ*[1] ലോട്ടറി കിട്ടിയവരുടെ ജീവിതത്തെ അതെങ്ങനെ ബാധിച്ചു എന്നു പ്രതിപാദിക്കുന്ന ലേഖനം അവതരിപ്പിക്കയുണ്ടായി. ലോട്ടറി കിട്ടിയതു സമ്മിശ്രമായ അനുഗ്രഹമായിട്ടാണ് അവർക്കു അനുഭവപ്പെട്ടത്. അവർക്കു കിട്ടിയ പണം കൊണ്ടു നല്ല വീടുകളും, കാറുകളും വാങ്ങി, എന്നാൽ അത് അവരിൽ അപ്രതീക്ഷിത പ്രശ്നങ്ങളും ഉണ്ടാക്കി.

ലോട്ടറി അടിച്ചവർ മിക്കവരും തങ്ങളുടെ പണ്ടേ-നഷ്ടപ്പെട്ട ബന്ധുക്കൾ പണം ആവശ്യപ്പെടുന്നതും, സാമ്പത്തിക ഉപദേഷ്ടാക്കന്മാർ, പണം എങ്ങനെ നിക്ഷേപിക്കണം എന്ന “നിർദേശം” നല്കുന്നവരെയും, നിർഭാഗ്യ - അവസ്ഥയിലുള്ള ആളുകളെ ഒഴിവാക്കുവാൻ അവരുടെ നമ്പരുകൾ ഫോണിൽ വരുന്നതു തടയും. ഡൊണാൾഡ് ബ്ലേക്ക്ലിക്ക് 1982-ൽ, 4.2 ദശലക്ഷം ഡോളർ ലോട്ടറി കിട്ടി. ആ ധനം അദ്ദേഹം ആസ്വദിച്ചെങ്കിലും, ആ പണം വന്നശേഷം തന്റെ ബന്ധങ്ങളെ ഉലച്ചതിൽ അദ്ദേഹത്തിനു ദുഃഖമുണ്ടായി. ബ്ലേക്ക്ലിയുടെ ഒരു സ്നേഹിതൻ അദ്ദേഹത്തിൽ നിന്നു 2000 ഡോളർ കടം വാങ്ങി, അതു തിരിച്ചു ചോദിച്ചപ്പോൾ അദ്ദേഹം ചോദിച്ചു “എന്തിനു,” “ആർക്കെങ്കിലും 4.2 ദശലക്ഷം ഉള്ളപ്പോൾ, അതിൽ നിന്നു 2000 കടം പോകുന്നതു വലിയ കാര്യമോ?” ബ്ലേക്ക്ലി പറഞ്ഞു, “എനിക്കു പണം നഷ്ടമായതു മോശമായി തോന്നി, പക്ഷേ ഒരു സ്നേഹിതൻ നഷ്ടമാകുന്നതു അതിലും മോശമായി തോന്നി.” അവൻ തുടർന്നു പറഞ്ഞു, ആദ്യം തന്റെ സഹപ്രവർത്തകർക്കു തനിക്കു ലോട്ടറി അടിച്ച വാർത്ത ആഹ്ലാദമുയർത്തി. ആറു മാസം കഴിഞ്ഞപ്പോൾ ആ ആവേശം പോയി, അസൂയയായി, അവസാനം ബ്ലേക്ക്ലി ജോലി ഉപേക്ഷിച്ചു. ചിലപ്പോൾ “പ്രാർത്ഥന

ക്കുത്തരം ലഭിക്കുന്നതു" ജീവിതം സങ്കീർണ്ണമാക്കിയേക്കാം.

പിറവിയിലേ മുടന്തനായിരുന്ന മനുഷ്യനെ യേശു കണ്ട ദിവസം അവന്റെ ജീവിതത്തിലെ മനോഹരദിവസം ആയിരുന്നു. എല്ലാ കുരുടന്മാരും കാഴ്ച്ചക്കുവേണ്ടി പ്രാർത്ഥിച്ചു. തീർച്ചയായും, തനിക്കു കാഴ്ച്ച കിട്ടുകയാണെങ്കിൽ, എന്തെല്ലാം ചെയ്യുമെന്നു ഈ കുരുടൻ സ്വപ്നവും കണ്ടിരിക്കാം. പിന്നെ, ഒരു ദിവസം ഒരാൾ അവന്റെ അടുക്കലേക്കു നടന്നുവരികയും അവന്റെ ജീവിതം തന്നെ മാറുകയും ചെയ്തു. യേശു മണ്ണിൽ തുപ്പി, ചേറുണ്ടാക്കി അവന്റെ കണ്ണിൽ പൂശിയിട്ടു, ശീലോഹോം കുളത്തിൽ കഴുക എന്നു അവനോടു പറഞ്ഞു (9:6). യോഹന്നാൻ വിചാരിച്ചതു, "അവൻ പോയി കഴുകി, കണ്ണു കാണുന്നവനായി മടങ്ങി വന്നു" എന്നാണ് (9:7). ആ കുരുടന്റെ ഏറ്റവും വലിയ പ്രാർത്ഥനക്കു ഉത്തരം ലഭിച്ചു! ഇതു അവന്റെ ജീവിതത്തിലെ ബുദ്ധിമുട്ടിന്റെ ആരംഭമാണെന്നു അവൻ തിരിച്ചറിഞ്ഞിരിക്കയില്ല.

ഈ പാഠത്തിനുള്ള നമ്മുടെ വേദ ഭാഗം 9:6–41, വെളിപ്പെടുത്തുന്നതു ഒരു മനുഷ്യന്റെ വിശ്വാസയാത്രയാണ്. യേശു ആ സംഭവത്തെ ചലിപ്പിക്കുകയും അവസാനം എത്തിക്കുന്ന ദിശ വിവരിക്കുന്നതും, ഒരിക്കൽ - അന്ധൻ ആയിരുന്ന മനുഷ്യൻ യേശുവിലുള്ള വിശ്വാസത്തിലേക്കു നീങ്ങുന്നതായാണ്. ആകർഷണീയമായ വിധത്തിൽ, ആ മനുഷ്യന്റെ വേദഭാഗത്തിലെ പ്രസ്താവനകൾ മുൻപുണ്ടാകാത്ത വിധം വിശ്വാസം - വളർത്തുന്നതാണ്.

### "ഞാൻ ആകുന്നു" (9:6-9)

ആ കുരുടനു സൗഖ്യമായ ഉടനെ, അയൽക്കാർ ആ അവിശ്വസനീയ സംഭവത്തെക്കുറിച്ചു സംസാരിക്കുവാൻ തുടങ്ങി. ചിലർ ചോദിച്ചു, "ഇവനല്ലയോ അവിടെ ഇരുന്നു ഭിക്ഷ യാചിച്ചവൻ?" (9:8). ചിലർ അതിനു പ്രതികരിച്ചു, "അവൻ തന്നേ," എന്നു ചിലരും, "അല്ല, അവനെപ്പോലെയുള്ളവൻ" എന്നു മറ്റു ചിലരും പറഞ്ഞു (9:9). തങ്ങളുടെ പ്രിയപ്പെട്ട ഒരാൾ ആശുപത്രിയിൽ കിടക്കുന്നതു വീട്ടുകാർ സംസാരിക്കുന്നതുപോലെ - രോഗിയെ കണ്ടില്ലെന്നു നടിച്ചു രോഗിയെക്കുറിച്ചു പറയുന്നതുപോലെ പറയുവാൻ തുടങ്ങി! "അയാൾക്കു എങ്ങനെയുണ്ടെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?" "ഞാൻ വിചാരിക്കുന്നതു അയാൾക്കു അല്പം ഭേദം ഉണ്ടെന്നാണ്." "ഓ, എനിക്കു അത്ര തീർച്ചയില്ല. ഇന്നു വലിയ ഭേദമുള്ളതായി തോന്നുന്നില്ല," "എന്താണ് ഡോക്ടർ പറഞ്ഞത്?" "അയാൾ ജീവിക്കും എന്നു നിങ്ങൾ കരുതുന്നുവോ?"

അവസാനം, സൗഖ്യമായവൻ തന്നെ അവനുവേണ്ടി പറഞ്ഞു, "ഞാൻ തന്നേ" (9:9). തന്നെ ആരും കണ്ടില്ലെന്നു നടിക്കുവാൻ അവൻ അനുവദിച്ചില്ല. വർഷങ്ങളോളം ഭിക്ഷക്കാരനായിരുന്നെങ്കിലും, ചില വിഷയങ്ങളെക്കുറിച്ചു അവനു പ്രാഗത്ഭ്യമുണ്ടായിരുന്നു, അതിലൊന്നു തന്നെക്കുറിച്ചു തന്നെ! താൻ അന്ധനായിരുന്നു എന്നും ഇപ്പോൾ തനിക്കു കാണാമെന്നും ഉള്ള സത്യം, അവനറിയാം "ആ മനുഷ്യൻ ഞാൻ തന്നേ!"

നമ്മുടെ വ്യക്തിത്വത്തെ അറിഞ്ഞുകൊണ്ടാണ് നാം നമ്മുടെ വിശ

ɹാസയാത്ര ആരംഭിക്കുവാൻ. നിങ്ങൾ ഒരു വ്യക്തിയാണെന്നും, ജീവിക്കുന്ന ആത്മാവാണെന്നും നിങ്ങൾക്കുതന്നെ തീർച്ചപ്പെടുത്താം. ആ അധികാരം നിങ്ങളിൽ തന്നെയാണ്. ശാസ്ത്രജ്ഞർ നിങ്ങളെക്കുറിച്ചു ഒന്നു പറയുന്നു, നിങ്ങളുടെ മേലധികാരി നിങ്ങളെക്കുറിച്ചു വേറൊന്നു പറയും, നിങ്ങളുടെ വീട്ടുകാർ നിങ്ങളെക്കുറിച്ചു വേറൊന്നു പറയും. എന്നിരുന്നാലും, നിങ്ങൾ ജീവിക്കുന്ന, ഒരു ആത്മീയ വ്യക്തിയാണെന്നും, നിങ്ങൾക്കു പൂർണ്ണമായി ലഭിക്കാത്തതിനെ അന്വേഷിക്കയും വേണം. "ഞാൻ തന്നേ ആ മനുഷ്യൻ!" എന്ന പ്രഖ്യാപനത്തോടെ നാം വിശ്വാസയാത്ര തുടങ്ങണം.

### "യേശു ചേറുണ്ടാക്കി" (9:10-12)

അത്ഭുതം വരുത്തിവെച്ച പരിഭ്രമം അവനെ ദൈവാലയത്തിനരികിൽ കണ്ടവർക്കു ആ കുരുടന്റെ സംഭവത്തിലേതു പരിഹരിക്കുവാൻ ആ പ്രസ്താവനയും സഹായിച്ചില്ല. അമ്പരപ്പിന്റെ വശങ്ങൾ അവരുടെ മനസ്സിൽ കൃത്യമായി യോജിച്ചില്ല. ഇത്തരം അത്ഭുതങ്ങൾ എല്ലാ ദിവസവും നടക്കുന്നതു അവർ കണ്ടിട്ടില്ല - അല്ലെങ്കിൽ *ഏതെങ്കിലും* ദിവസം അങ്ങനെ നടക്കുന്നതു കണ്ടിട്ടില്ല! ഇത് എങ്ങനെ സംഭവിച്ചു എന്നു അവർ അവനോടു ചോദിച്ചു. നിസാരവും ലളിതവുമായ വിധത്തിൽ, അവൻ അതു വിവരിച്ചു: "യേശു എന്നു പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ പൂശി 'ശീലോഹാം കുളത്തിൽ ചെന്നു കഴുകുക' എന്നു എന്നോടു പറഞ്ഞു; ഞാൻ പോയി കഴുകി കാഴ്ച്ച പ്രാപിച്ചു എന്നു പറഞ്ഞു" (9:11).

വീണ്ടും, സമൂഹത്തിൽ ആ മനുഷ്യനു ധനമോ സ്ഥാനമോ ഉണ്ടായിരുന്നില്ലെങ്കിലും, ചില വിഷയങ്ങളിൽ അവൻ ലോകത്തിലെ പ്രഗത്ഭന്മാരിൽ ഒരാളായിരുന്നു. താൻ ആരായിരുന്നു എന്നും തന്റെ അനുഭവം എന്തായിരുന്നു എന്നും അവന്നു ഉറപ്പുണ്ടായിരുന്നു. അതുപോലെ വിശ്വാസയാത്രയിലുള്ള എല്ലാവരും അവരുടെ ജീവിതങ്ങളെക്കുറിച്ചു അവർക്കു പ്രാഗത്ഭ്യം ഉണ്ടാകും. ചിലർക്കു, "യേശുവിനെ കാണുന്നതിനുമുൻപു ഞാൻ കൈയ്പു നിറഞ്ഞവനായിരുന്നു" എന്നു പറയുവാൻ കഴിയും. വേറെ ചിലർ പറയും, "യേശു എന്നെ വിടുവിക്കുന്നതിനു മുൻപു എനിക്കു എന്നെ നിയന്ത്രിക്കുവാൻ കഴിഞ്ഞിരുന്നില്ല" (അല്ലെങ്കിൽ നിരാശയിലോ, അതുമല്ലെങ്കിൽ മദ്യപാനത്തിലോ). അത്തരം വിഷയങ്ങൾ ദൃഢവിശ്വാസത്തോടെ നമുക്കു പറയുവാൻ കഴിയും, കാരണം നിങ്ങൾ ആരാണെന്നും യേശു എന്താണ് നിങ്ങളോടു ചെയ്തതു എന്നും നിങ്ങൾക്കു മാത്രമെ അറിയാവൂ. ആർക്കും അതു നിങ്ങളിൽ നിന്നു എടുത്തു കളയുവാൻ സാധ്യമല്ല!

### "അവൻ ഒരു പ്രവാചകൻ ആണ്" (9:13-17)

അപ്പോഴും, ആ കുരുടനായിരുന്ന മനുഷ്യനു സംഭവിച്ചതെന്താണെന്ന കാര്യം അവനെ അറിയാവുന്നവർക്കു മനസിലായില്ല, അതുകൊണ്ടു അവർ മതപരമായ പ്രാഗത്ഭ്യം ഉള്ള, പരീശന്മാരുടെ അടുക്കലെത്തി. യേശു അവനെ സൗഖ്യമാക്കിയ ദിവസം ശബ്ബത്തായിരുന്നു,

അതു യെഹൂദന്മാരുടെ വിശുദ്ധ ദിവസമായിരുന്ന വിശ്രമദിനം ആയിരുന്നു. ഇതു അവർക്കു കൂടുതൽ വിഷമമുണ്ടാക്കി. ശബ്ബത്തിൽ സൗഖ്യമാക്കിയതു സംശയം ജനിപ്പിക്കുന്നതുകൊണ്ടു അവർ അവനോടു സംഭവം വീണ്ടും വിവരിക്കുവാൻ പറഞ്ഞു. അവൻ പറഞ്ഞപ്പോൾ, അവർ തീർച്ചപ്പെടുത്തി, "ഈ മനുഷ്യൻ ശബ്ബത്തു പ്രമാണിക്കായ്കകൊണ്ടു, ദൈവത്തിൽ നിന്നു വന്നവനല്ല" (9:16). ഇതായിരുന്നു പരീശന്മാരുടെ ഉള്ളിലെ പ്രശ്നം, ആകാംഷയുണർത്തുന്നതായി ആ സൗഖ്യമാകൽ. എങ്ങനെയായാലും, അവനെ അറിയാവുന്നവർക്കു പരീശന്മാരുടെ ഉത്തരം തൃപ്തികരമായിരുന്നില്ല. ദൈവത്തിൽ നിന്നല്ലാതെ ഒരാൾക്കു എങ്ങനെ അത്തരം മനോഹരമായ അത്ഭുതം ചെയ്യുവാൻ കഴിയും എന്നായിരുന്നു അവരുടെ ചിന്ത.

ആ സാഹചര്യത്തെക്കുറിച്ചു ആളുകൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, "അവരുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടായി" (9:16). യേശു ആളുകളെ തുടർച്ചയായി അവനെ സംബന്ധിച്ച ഒരു തീരുമാനം എടുക്കുവാൻ പ്രേരിപ്പിക്കുന്നതായി, യോഹന്നാന്റെ സുവിശേഷം മുഴുവൻ വായിച്ചാൽ മനസ്സിലാകും. അവനെ ആളുകൾ കണ്ടില്ലെന്നു നടിക്കുവാൻ അവൻ അനുവദിക്കുന്നില്ല, അവൻ ദൈവത്തിൽ നിന്നാണോ അതോ പിശാചിൽ നിന്നാണോ എന്നു പരിഗണിക്കുവാൻ അവൻ ആളുകൾക്കു തെളിവുകൾ നല്കി. യോഹന്നാനും യേശുവിനും അത് സംബന്ധിച്ച് മറ്റൊരു ഇടനിലം ഇല്ലായിരുന്നു.

അവരുടെ നിരാശകൊണ്ടു വീണ്ടും അവർ കുരുടനായിരുന്ന മനുഷ്യനിലേക്കു തിരിഞ്ഞു. അയാൾ അതിനെക്കുറിച്ചു എന്തു വിചാരിക്കുന്നു എന്നു ചോദിച്ചു. വിശ്വാസത്തിന്റെ മറ്റൊരു പടിയിലേക്കു കടന്നു, അവൻ പറഞ്ഞു, "അവൻ ഒരു പ്രവാചകൻ" (9:17). മുൻപു ഭിക്ഷ യാചിച്ചിരുന്ന ഭിക്ഷക്കാരൻ – അവനെക്കുറിച്ചല്ല പറഞ്ഞതു സൗഖ്യമാക്കിയവനെക്കുറിച്ചാണ്. അവന്റെ ശക്തി ദൈവത്തിൽ നിന്നായിരുന്നു എന്നാണ് അവൻ തീർച്ചയാക്കിയത്. പരീശന്മാർ യേശു എത്ര മോശമാണെന്നു പറഞ്ഞാലും, ആ സൗഖ്യമായവൻ യേശു നല്ലവനാണെന്നും, അവന്റെ ശക്തി ദൈവത്തിൽ നിന്നാണെന്നും മനസ്സിലാക്കി.

### "ഒന്നു ഞാൻ അറിയുന്നു" (9:18-25)

കുരുടനായി ജനിച്ചിരുന്ന മനുഷ്യന്റെ ഓരോ പ്രസ്താവനയും, ആളുകളിൽ പിരിമുറുക്കം വർദ്ധിപ്പിച്ചു. യേശു ദൈവത്തിൽ നിന്നുള്ള പ്രവാചകൻ എന്ന ആ മനുഷ്യന്റെ വിശ്വാസത്തെ പരീശന്മാർ പാടേ നിഷേധിച്ചു. അവിടെ ഭിക്ഷ യാചിച്ചിരുന്നവൻ ഇവൻ തന്നെയോ എന്നു ചിലർ സംശയിച്ചു. അതുകൊണ്ടു, അവർ അവന്റെ മാതാപിതാക്കളെ വിളിക്കുകയും ചോദിക്കയും ചെയ്തു. "കുരുടനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നെയോ? എന്നാൽ ഇവന്നു ഇപ്പോൾ കണ്ണു കാണുന്നതു എങ്ങനെ? എന്നു ചോദിച്ചു" (9:19). ആ മനുഷ്യന്റെ അപ്പനും അമ്മയും ഭയപ്പെട്ടു. അവർ ശ്രദ്ധ ആകർഷിക്കുവാൻ തയ്യാറായില്ല, ആ സാഹചര്യം മുഴുവൻ അവരെ ഭയപ്പെടുത്തി. അവനെ ക്രിസ്തു എന്നു ഏറ്റു പറയുന്നവൻ പള്ളി

ഭ്രഷ്ടൻ ആകേണം എന്നു യെഹൂദന്മാർ പറഞ്ഞുകൊണ്ടിരുന്നു (9:22). അവർ തങ്ങളുടെ സ്നേഹിതന്മാരെ, കുടുംബാംഗങ്ങളെ, ജീവിത മാർഗ്ഗത്തെ നഷ്ടമാകുമെന്നോർത്തു ആ അപ്പനും ഭയപ്പെട്ടു (അവരുടെ മകനെ അവർ പണ്ടുതന്നെ യാചകനായി വിട്ടതാണ്). ഒരിക്കൽ കൂടെ അവനെ ആ വിരോധത്തിലേക്കു വിട്ടുകളഞ്ഞു. “അവനോടു ചോദിപ്പിൻ; അവന്നു പ്രായമുണ്ടല്ലോ, അവൻ തന്നേ പറയും” (9:21) എന്നവർ പറഞ്ഞു. അവരുടെ ജീവിതത്തിൽ ഏറ്റവും സന്തോഷിക്കേണ്ട ദിവസം ആയിരുന്നു അത്. പകരം, അവർക്കു ഭയവും ലജ്ജയുമാണ് ഉണ്ടായത്.

വീണ്ടും, ചോദ്യകർത്താക്കൾ അവനു കാഴ്ച്ച പ്രാപിച്ചതു എങ്ങനെ എന്നു ചോദിച്ചു. അവർ പറഞ്ഞു “ദൈവത്തിന്നു മഹത്വം കൊടുക്കുക.” ഈ പ്രയോഗത്തിനു ദൈവത്തെ ആരാധിക്കുക, പുകഴ്ത്തുക എന്ന ബന്ധമൊന്നും അവർ കൊടുക്കുന്നില്ല. പകരം, അതൊരു യെഹൂദ സംസാര രീതിയാണ്, “സത്യം പറയുക!”[2] സത്യം തുറന്നു പറയാതിരിക്കുന്ന ഒരു കുറ്റവാളിയോടു പറയുന്ന വാക്കാണ്. അവരുടെ ആ വാക്കുകൾ ജന്മനാ കുരുടനായി ജനിച്ച മനുഷ്യന്റെ നിരാശയും, കോപവും വർദ്ധിപ്പിച്ചിരിക്കാം.

നാം മുൻപു കണ്ടതുപോലെ, അവനോടു ചോദിച്ചവരോടു ആ മനുഷ്യൻ ശാന്തനായും ഉറപ്പോടും കൂടെയാണ് ഉത്തരം പറഞ്ഞത്. അവൻ അവരോടു, “അവൻ പാപിയോ അല്ലയോ എന്നു ഞാൻ അറിയുന്നില്ല; ഒന്നു അറിയുന്നു, ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണു കാണുന്നു എന്നു പറഞ്ഞു” (9:25). മതപരമായ പല ചർച്ചകളിലും, ആ മനുഷ്യനു തന്റെ നിലപാടിൽ തന്നെ നില്ക്കാൻ അനുവദിച്ചില്ല. അവനെ ഭീഷണിപ്പെടുത്തിയപ്പോൾ, അവൻ വീണ്ടും ആദ്യ വസ്തുതയിലേക്കു തിരിച്ചുപോയി: “ഒന്നു അറിയുന്നു, ... ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കാണുന്നു.”

### “അവൻ ദൈവത്തിൽ നിന്നുതന്നെ” (9:26-34)

കുരുടനായി ജനിച്ച മനുഷ്യന്റെ നിരാശയോടുകൂടിയുള്ള ഉറച്ച നിലപാടുകാരണം, പരീശന്മാർ അവനെ വീണ്ടും ചോദ്യം ചെയ്യൽ ആരംഭിച്ചു (9:26). അവരുടെ തന്ത്രങ്ങൾ എന്നെ ഓർപ്പിക്കുന്നതു ഞാൻ ഒരിക്കൽ വിദേശത്തേക്കു പോയ ഫ്ളൈറ്റിൽ തീവ്രവാദത്തിനെതിരായുള്ള നടപടികളാണ്. ഓരോ യാത്രക്കാരെയും മാറ്റി നിർത്തി നിരവധി ചോദ്യങ്ങൾ ചോദിക്കുമായിരുന്നു. പിന്നെ, കുറച്ചു നിമിഷങ്ങൾക്കുശേഷം, മറ്റൊരു ഉദ്യോഗസ്ഥൻ വന്നു അതേ ചോദ്യങ്ങൾ വീണ്ടും ചോദിക്കും. അവസാനം മൂന്നാമതൊരു ഉദ്യോഗസ്ഥൻ ആ ചോദ്യങ്ങളെല്ലാം വീണ്ടും ചോദിക്കും! അതിനുശേഷം മൂന്നു ഉദ്യോഗസ്ഥന്മാരും അവർക്കു കിട്ടിയ മൂന്നു പ്രാവശ്യത്തെയും ഉത്തരങ്ങൾ ഒന്നുതന്നെയാണോ എന്നു പരിശോധിക്കും. ഞങ്ങൾക്കു അന്നു തോന്നിയ അതേ വികാരമായിരിക്കും ആ കുരുടനായിരുന്ന മനുഷ്യനും ഉണ്ടായിരിക്കുക.

അതേ ചോദ്യങ്ങൾ തന്നെ വീണ്ടും നേരിട്ടപ്പോൾ, ആ മനുഷ്യനു സാഹചര്യം പരിഹാസ്യമാകാൻ തുടങ്ങി. നിങ്ങൾ വീണ്ടും വീണ്ടും

ചോദിക്കുന്നതെന്ത്. ഞാൻ പറഞ്ഞുവല്ലൊ; നിങ്ങൾ ശ്രദ്ധിച്ചില്ല. നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻ മനസ്സുണ്ടോ എന്നു ചോദിച്ചു (9:27). ഊഹിച്ചതുപോലെ, അവർ കോപാകുലരായി. അവ സാനം അവരോടു സംസാരിക്കുവാൻ അവസരം കിട്ടിയപ്പോൾ, യിസ്രാ യേലിലെ എല്ലാ നല്ല – പരിശീലനം ലഭിച്ചചിന്തകന്മാരിലുമുണ്ടായിരുന്ന അസ്ഥിരത, അവൻ ചൂണ്ടിക്കാണിച്ചു. കുരുടനായി ജനിച്ചവന്റെ കണ്ണു ഇതുവരെയും ആരും തുറന്നതായി കേട്ടിട്ടില്ല. അതു, തീർച്ചയായും, അത്ഭുത പ്രവൃത്തിതന്നെ. തീർച്ചയായും ഈ അത്ഭുതം ദൈവത്തിൽ നിന്നായിരുന്നു; എന്നിട്ടും പരീശന്മാർ, അവർ ദൈവത്തോടു അടുത്തി രിക്കുന്നു എന്നു കരുതിയവർക്കു, യേശു ആരായിരുന്നുവെന്നോ, അവൻ ചെയ്തതു എന്താണെന്നോ മനസ്സിലായില്ല. ആ മനുഷ്യന്റെ ധീരമായ തീർപ്പു, യേശു ദൈവത്തിൽ നിന്നല്ലായിരുന്നുവെങ്കിൽ, അവന്നു അത്തരം അത്ഭുതം ചെയ്യുവാൻ കഴിയുമായിരുന്നില്ല. വാസ്ത വത്തിൽ, അവൻ പറഞ്ഞു, "അവൻ ദൈവത്തിൽ നിന്നു തന്നെ" (9:33).

കുരുടനായി ജനിച്ച മനുഷ്യൻ അവരെ ലജ്ജിപ്പിച്ചപ്പോൾ പരീശ ന്മാർ തുരുതുരാ ചോദ്യങ്ങൾ കൊണ്ടു പൊട്ടിത്തെറിച്ചു. അവരെ ഉപ ദേശിക്കുവാൻ അവനു എന്തു ധൈര്യമാണുണ്ടായത്? അവനു ന്യായ പ്രമാണം അറിയാത്തതുകൊണ്ടു അതിനോടു അവന്നു ഒരുത്തരവാ ദിത്വവുമില്ല. അതിലുപരിയായി, അവർ പറഞ്ഞു, അവൻ മുഴുവനും പാപത്തിൽ ജനിച്ചവൻ (2–ാം വാക്യത്തിൽ പാപവും കഷ്ടതയും തമ്മി ലുള്ള ബന്ധത്തെക്കുറിച്ചു ശിഷ്യന്മാർ ചോദിച്ചതു ഓർമിക്കുക). അവർ തങ്ങളുടെ വാക്കുകൾ കൊണ്ടുള്ള ശകാരം അവസാനിപ്പിച്ചപ്പോൾ, "അവർ അവനെ പുറത്താക്കി" (9:34). സ്പഷ്ടമായും, അവന്റെ അപ്പനും അമ്മയും ഭയപ്പെട്ടതുതന്നെയാണ് കൃത്യമായും അവർ ചെയ്ത ത്; അവർ അവനെ പള്ളിയിൽ നിന്നു പുറത്താക്കി.

ജന്മനാ കുരുടനായിരുന്ന മനുഷ്യന്റെ അനുഭവം നമ്മെ ഓർപ്പി ക്കുന്നതു യേശുവിലുള്ള വിശ്വാസം ചിലപ്പോൾ ജീവിതം സങ്കീർണ്ണ മാക്കിയേക്കാം. യേശു എല്ലായ്പ്പോഴും ജീവിതം എളുപ്പമാകും എന്ന ആശയം നമുക്ക് എവിടെ നിന്നു കിട്ടി? വെളിച്ചവും ഇരുട്ടും നന്നായി ചേർന്നിരിക്കയില്ല. വിശ്വാസം എല്ലായ്പ്പോഴും കുടുംബങ്ങൾക്കു തെളിവു നല്കുകയില്ല; ചിലപ്പോൾ അതു കൂടുതൽ എതിർപ്പുകളും ഉണ്ടാക്കും. നമ്മുടെ വിവാഹജീവിതത്തിലും, വിശ്വാസം എപ്പോഴും സ്വസ്ഥത നല്കുകയില്ല; ചിലപ്പോൾ അതു മുഖ്യ എതിർപ്പിനു കാരണ മായിത്തീരും. വിശ്വാസം നമ്മുടെ ജോലിയും എപ്പോഴും എളുപ്പം ആക്കുകയില്ല; ചിലപ്പോൾ അതു നിമിത്തം ജോലിയിൽ നിന്നു പിരിച്ചു വിടുകയും ചെയ്യും. യേശു ഒരിക്കൽ പറഞ്ഞു,

> ഭൂമിയിൽ സമാധാനം നല്കുവാൻ ഞാൻ വന്നിരിക്കുന്നു എന്നു തോന്നുന്നുവോ? അല്ലല്ല, ഛിദ്രം വരുത്തുവാൻ അത്രേ എന്നു ഞാൻ നിങ്ങളോടു പറയുന്നു; ഇനിമേൽ ഒരു വീട്ടിൽ ഇരുവരോടു മൂവരും മൂവരോടു ഇരുവരും ഇങ്ങനെ അഞ്ചുപേർ തമ്മിൽ ഛിദ്രിച്ചിരിക്കും. അപ്പൻ മകനോടും, മകൻ അപ്പനോടും; അമ്മ മകളോടും മകൾ അമ്മ

യോടും; അമ്മായിയമ്മ മരുമകളോടും മരുമകൾ അമ്മായിയമ്മ യോടും ഛിദ്രിച്ചിരിക്കും (ലൂക്കൊസ് 12:51-53).

വിശ്വാസം ചിലപ്പോൾ കൊണ്ടുവരുന്ന കുഴപ്പങ്ങൾ നിമിത്തം, നാം പിൻവാങ്ങുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. എങ്ങനെയായാലും, ജന്മനാ കുരുടനായിരുന്ന മനുഷ്യൻ വെളിച്ചം കണ്ടു (ഒന്നിലധികം വഴികൾ), അവന്നു തിരിച്ചുപോകുവാൻ കഴിയില്ല. അവന്റെ വിശ്വാസം അവന്നു തീർച്ചയായിരുന്നു, അവൻ സത്യമാണെന്നു അറിഞ്ഞതിൽ നിന്നു ആർക്കും അവനെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കുവാൻ കഴിയുക യില്ല.

### “ഞാൻ വിശ്വസിക്കുന്നു” (9:35-41)

വളരെ പെട്ടെന്നു ആ മനുഷ്യനിൽ വളരെ കാര്യങ്ങൾ സംഭവിച്ചി രിക്കുന്നു! അവന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദിവസം കലഹ പ്രിയവും വിലയേറിയതുമായി മാറി. അവനു കാഴ്ച്ച കിട്ടി, എന്നാൽ പള്ളിയിൽ നിന്നു പുറത്താക്കപ്പെട്ടു. അവസാനം അവൻ തന്റെ അയൽക്കാരുടെ മുഖങ്ങളിലേക്കു നോക്കി, പക്ഷെ തെറ്റിദ്ധാരണയും കോപവും നിറഞ്ഞ മുഖങ്ങളേ കാണുവാൻ കഴിഞ്ഞുള്ളൂ. താൻ മുൻപു പങ്കാളിയായ സമൂഹത്തിൽ അവന്നു, ഒരു സ്ഥാനവും ഇല്ലാ തായി. കാരണം അവർ അവനെ പരിഹസിച്ചു ശിക്ഷയ്ക്കു വിധിച്ചു. അതെല്ലാം തന്റെ തലക്കുള്ളിൽ ചുഴറ്റിക്കൊണ്ടിരിക്കുമ്പോൾ, തന്നെ വന്ദനം ചെയ്ത, ഒരിക്കലും കണ്ടിട്ടില്ലാത്തവന്റെ മുഖം അവന്റെ മന സ്സിൽ തെളിഞ്ഞു - യേശു!

മനുഷ്യപുത്രനെ വിശ്വസിക്കുന്നുവോ എന്നു യേശു അവനോടു ചോദിച്ചു. ആ ചോദ്യം അവനെ കുഴപ്പത്തിലാക്കി, എന്നാൽ ചോദിച്ച വ്യക്തിയിൽ, അവന്നു വിശ്വാസവുമുണ്ടായിരുന്നതുകൊണ്ടു അവൻ പറഞ്ഞു, “യജമാനനേ, അവൻ ആർ ആകുന്നു? ഞാൻ അവനിൽ വിശ്വസിക്കാം എന്നു പറഞ്ഞു” (9:36). താൻ തന്നെയാണ്, മനുഷ്യപു ത്രൻ എന്നു യേശു അവനോടു പറഞ്ഞു. അതുകേട്ടു മുൻപു കുരുട നായിരുന്ന മനുഷ്യൻ, “കർത്താവേ, ഞാൻ വിശ്വസിക്കുന്നു” എന്നു പറഞ്ഞു (9:38) അവനെ നമസ്ക്കരിച്ചു. ആ മനുഷ്യന്റെ വിശ്വാസ യാത്ര ഒരു നാഴികക്കല്ലു കടന്നു. അവന്നു ഇപ്പോൾ “ഞാൻ വിശ്വസി ക്കുന്നു” എന്നു പറയുവാൻ കഴിഞ്ഞു.

ആ സംഭവം വിവരിക്കുമ്പോൾ, ആ മനുഷ്യന്റെ വിശ്വാസം പുരോ ഗമിക്കുന്നതു ശ്രദ്ധിക്കുക. അവൻ “അതു ഞാൻ തന്നേ” എന്നു തുടങ്ങി “യേശു ചേറുണ്ടാക്കി” തുടർന്നു “അവൻ ഒരു പ്രവാചകൻ” എന്നെ ത്തി, പിന്നെ “ഒന്നു ഞാൻ അറിയുന്നു” എന്നും പിന്നെ “അവൻ ദൈവ ത്തിൽ നിന്നുമാണ്” എന്നും പിന്നെ “ഞാൻ വിശ്വസിക്കുന്നു” എന്ന തിലേക്കുമെത്തി. ആ സമയത്തു അവൻ മനസ്സിലാക്കിയതനുസരിച്ചാ യിരുന്നു അവൻ ഓരോ പടിയും കടന്നത്. അവൻ അറിവില്ലാതെ “വി ശ്വാസത്തിലേക്കു എടുത്തു ചാടുകയായിരുന്നില്ല.” അവൻ ഉറപ്പോടും തീർച്ച - യോടും വിശ്വാസയാത്രയിൽ മുന്നേറുകയായിരുന്നു.

## ഉപസംഹാരം

"ഞാൻ ലോകത്തിന്റെ വെളിച്ചം ആണ്," എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞു (9:5). പാപത്തിന്റെ ഇരുട്ടുകൊണ്ടു നമ്മുടെ ലോകം മൂടപ്പെട്ടിരിക്കയാണ്. ആ ഇരുട്ടിനു വെളിച്ചത്തെ സഹിക്കുവാൻ കഴിയുകയില്ല, കാരണം രണ്ടും പരസ്പരവിരുദ്ധമാണ്. നിങ്ങൾ വെളിച്ചമുളള വ്യക്തിയായാൽ, നിങ്ങൾ ഇരുട്ടിന്റെ ശക്തിയോടു പോരാടിക്കൊണ്ടിരിക്കും. അതിനെതിരായി നിങ്ങൾക്കു നില്ക്കുവാൻ കഴിയും! നിങ്ങളെക്കുറിച്ചു നിങ്ങൾക്കു അറിയാവുന്നതുകൊണ്ട് അതിനോടും യേശുവിനോടും നിങ്ങൾക്കു പറ്റിച്ചേരാം. അങ്ങനെ ചെയ്താൽ, സൂര്യൻ രാവിലെ ഉദിച്ചില്ലെങ്കിലും, അപ്പോഴും നിങ്ങൾ ആരാണെന്നും നിങ്ങൾ എന്തു വിശ്വസിക്കുന്നു എന്നും നിങ്ങൾക്ക് അറിയാം!

ജന്മനാ കുരുടൻ ആയിരുന്ന ആൾക്കു ആ വിരോധങ്ങൾ നേരിടേണ്ടിവരുമെന്നു ഊഹിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല. എങ്ങനെയായാലും, അവനു കാഴ്ച്ച പ്രാപിച്ചാൽ ഇങ്ങനെയെല്ലാം ഉണ്ടാകുമെന്നു അവൻ അറിഞ്ഞിരുന്നെങ്കിലും അവൻ കാഴ്ച്ച പ്രാപിക്കുവാൻ ആഗ്രഹിക്കുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. യേശു വാസ്തവത്തിൽ "ലോകത്തിന്റെ വെളിച്ചം ആകുന്നു." ഇന്നത്തെ ആഹ്വാനം വെളിച്ചത്തിലേക്കു വരുവാനാണ്!

---

കുറിപ്പുകൾ

[1]*ന്യൂയോർക്ക് ടൈംസ് സണ്ടേ മാഗസിൻ*, 31 ജനുവരി 1993, xiii-NJ-4:6.

[2]യോശുവ 7:19 നോക്കുക.

---

## എനിക്ക് അറിയാവുന്ന ഒരു കാര്യമെന്ത്

ചില കാരണങ്ങൾ കൊണ്ടു, ക്യാമ്പുകളിൽ തടവിലാക്കപ്പെട്ടവരോട് നമുക്കു സഹതാപം തോന്നാറുണ്ട്. അവരുടെ ഭയങ്കരമായ അനുഭവങ്ങൾ നോക്കിയാൽ, അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്നും, അവരുടെ ജോലികളിൽ നിന്നും, അവരുടെ സ്ഥാനമാനങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടു, അവരുടേതായ വസ്ത്രങ്ങൾ പോലും നഷ്ടപ്പെട്ടവരാണ്. അവർ നമ്മുടെ ത്രസിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കുന്നതു "ഇവയെല്ലാം ജീവിതത്തിൽ നിന്നു എടുത്തു കളഞ്ഞാൽ, പിന്നെ എന്തുണ്ട്?" എന്നതാണ്. ഭൗതികമായ അനുഗ്രഹങ്ങൾ വലിച്ചെറിഞ്ഞ് ആത്മീയ ജീവിതത്തിനു അടിസ്ഥാനമിട്ടവർ, സംശയിക്കും, "ഒന്നുമില്ലാതെ വന്നാൽ എന്റെ വിശ്വാസം അപ്പോഴും നിലനില്ക്കുമോ? ഞാൻ ഭയങ്കരമായി കഷ്ടപ്പെട്ടാൽ, അപ്പോഴും ഞാൻ യേശുവിൽ വിശ്വസിക്കുമോ? ഉറപ്പുള്ള ഒരടിസ്ഥാനത്തിന്മേൽ ഞാൻ എന്റെ ജീവിതം പണിയുമോ?" ആ തടവുകളിൽ കഴിഞ്ഞിരുന്ന ആളുകൾക്കു അവരുടെ കഠിനാനുഭവങ്ങളിൽ നിന്നു ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം അറിയാം.

കുരുടനായി പിറന്ന ആ മനുഷ്യൻ യെഹൂദന്മാരോടു പറഞ്ഞു, "... ഒന്നു അറിയുന്നു, ഞാൻ കുരുടൻ ആയിരുന്നു, ഇപ്പോൾ കണ്ണു കാണുന്നു എന്നുത്തരം പറഞ്ഞു" (9:25). നിങ്ങൾക്കു അറിയാവുന്ന "ഒരു കാര്യം" എന്താണ്? നിങ്ങളുടെ വിശ്വാസത്തിന്റെ ആധാരമെന്താണ്? നിങ്ങളുടെ എല്ലാ ഭൗതിക സൗഭാഗ്യങ്ങളും പെട്ടെന്നു എടുത്തുകളഞ്ഞാൽ, അപ്പോഴും നിങ്ങൾക്കു തീർച്ചയുള്ള ഒരു കാര്യം എന്താണ്? ആ ചോദ്യത്തിനു വ്യത്യസ്തരായ ആളുകളിൽ നിന്നു വ്യത്യസ്തമായ ഉത്തരങ്ങളാണ് ലഭിക്കുക. ചിലർ പറഞ്ഞേക്കാം, "ഒന്നെനിക്ക് അറിയാം: ഞാൻ ജീവിക്കുന്ന ആത്മാവാണ്!" വേറെ ചിലർ പറയും, "എനിക്കു ഒന്നറിയാം: ഈ ഭൂമി ഒരു സൃഷ്ടി കർത്താവിനെ തീർച്ചയായും എടുത്തുകാണിക്കുന്നു"; "ഒന്നു ഞാൻ അറിയുന്നു: എന്റെ കുട്ടിയുടെ ജനനത്തിൽ ദൈവകരം ഉണ്ടായിരുന്നു"; "ഒന്നെനിക്കറിയാം ഈ ലോകത്തിൽ ശക്തിയുള്ളതും പ്രാധാന്യമുള്ളതും സ്നേഹമാണ്." നിങ്ങൾക്കു തീർച്ചയുള്ള "ഒരു കാര്യം" എന്താണ്?

© 2009 Truth for Today